"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ 2024-25 അധ്യയന വർഷ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശനം - ഒഴിവുള്ള എൻ.ആർ.ഐ സീറ്റുകൾ മെറിറ്റ് സീറ്റുകളായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2632/2024/H&FWD തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:- എൽ.ബി.എസ് ഡയറക്ടറുടെ 07.10.2024 തീയതിയിലെ ബി9/3873/2023 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 അധ്യയന വർഷ ബി.എസ്.സി. നഴ്സിംഗ് പ്രവേശന നടപടികളുടെ ഭാഗമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SIMET), സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS), എന്നീ സ്ഥാപനങ്ങൾക്കു കീഴിലെ നഴ്സിംഗ് കോളേജുകളിലെ എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്മെന്റിനു ശേഷം ഒഴിവു വരുന്ന സീറ്റുകൾ ജനറൽ വിഭാഗം/മെറിറ്റ് സീറ്റുകളായി പരിഗണിക്കാവുന്നതാണോ എന്നതിൽ നിർദ്ദേശം ആവശ്യപ്പെട്ട് എൽ.ബി.എസ് ഡയറക്ടർ കത്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങൾക്ക് സമാനമായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SIMET), സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS), കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), മലബാർ ക്യാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾക്ക് കീഴിലെ നഴ്സിംഗ് കോളേജുകളിൽ ബി.എസ്.സി നഴ്സിംഗ് - എൻ.ആർ.ഐ. സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അലോട്ട്മെന്റിനു ശേഷം ഒഴിവ് വരുന്ന സീറ്റുകൾ ജനറൽ വിഭാഗം/മെറിറ്റ് സീറ്റുകളായി പരിഗണിച്ച് അലോട്ട്മെന്റ് നടത്തുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.

ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ശാസ്ത്രസാഹിത്യ സർവ്വകലാശാല, തൃശ്ശൂർ.

എസ്.സി/എസ്.ടി വകുപ്പ്.

ഡയറക്ടർ, സിമെറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, CPAS, കോട്ടയം.

ഡയറക്ടർ, CAPE, തിരുവനന്തപുരം.

ഡയറക്ടർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 05-11-2024 11:33:15

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.